

# പരിശുദ്ധ മറിയത്തിന്റെ അമലോത്ഭവത്തിരുനാൾ

പരിശുദ്ധ കന്യകാമറിയത്തെ പ്രത്യേകമായി അനുമോദിക്കുവാനും പാടിപുകഴ്ത്തുവാനുമുള്ള ഉചിതമായ സമയം മംഗളവാർത്താ-പിറവിക്കാലമാണ്. ഇതിനുള്ള പ്രത്യേമായ ഒരു ദിവസമാണ് ഡിസംബർ 8 അതായത്, അമലോത്ഭവതിരുന്നാൾ. കൃപകളുടെ ഉറവിടമായ ദൈവപുത്രൻ മറിയത്തിൽ

നിന്ന് ശരീരമെടുത്തു മനുഷ്യനായി പിറന്നു എന്നു നാം വിശ്വസിക്കുന്നു. അങ്ങനെയെങ്കിൽ മാതാവായ മറിയം എല്ലാവിധ പാപപങ്കിലതകളിൽ നിന്നും വിടുതൽ പ്രാപിച്ചവളായിരിക്കണം എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് 'മറിയം അമലോത്ഭവ' എന്ന തിരുനാൾ മംഗളവാർത്താക്കാലത്ത് ആഘോഷിക്കുന്നത്. ദൈവമാതാവും, നിത്യകന്യകയും, സ്വർഗ്ഗാരോപിതയുമായ മറിയം അമലോത്ഭവയാണ് എന്നത് മരിയൻ വിശ്വാസസത്യങ്ങളിൽ ഒന്നാണ്. 1854 ഡിസംബർ 8-നാണ് 9-ാം പീയൂസ് മാർപ്പാപ്പ Ineffabilis Deus (അവർണ്ണനീയനായ ദൈവം) എന്ന രേഖ വഴി ഈ ദൈവിക സത്യം വിശ്വാസസത്യമായി പ്രഖ്യാപിച്ചത്. പ്രസ്തുത രേഖ ഇങ്ങനെ പ്രഖ്യാപിക്കുന്നു:

> "അനന്യമായ ദൈവകൃപയാലും സർവ്വശക്തനായ ദൈവത്തിന്റെ ആനുകൂല്യത്താലും മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനായ ഈശോമിശിഹായുടെ യോഗത്യകൾ മുൻനിറുത്തിയും ഏറ്റവും പരിശദ്ധയായ കന്യകാമറിയം അവളുടെ ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ ഉത്ഭവപാപത്തിന്റെ എല്ലാ മാലിന്യങ്ങളിൽനിന്നും പരിരക്ഷിക്കപ്പെട്ടു"(D 2803).

നാലു മരിയൻ വിശ്വാസസത്യങ്ങളെക്കുറിച്ചും വി.ഗ്രന്ഥത്തിൽ നേരിട്ടു പരാമർശങ്ങളില്ല. എന്നാൽ, പഴയനിയമത്തിലെ പ്രതീകങ്ങളുടെയും (കത്തുന്ന മുൾപടർപ്പ്, നോഹിന്റെ പെട്ടകം, യാക്കോബിന്റെ ഗോവണി) വി. ഗ്രന്ഥ പരമാർശങ്ങളുടെയും (ഉത്പ 3,15; ഏശ 7, 14) പുതിയ നിയമത്തിലെ ഗബ്രിയേൽ മാലാഖയുടെയും ഏലീശ്വായുടെയും സംബോധനകളുടെ (ലൂക്ക 1, 28; 2, 43) ദൈവശാസ്ത്രപരമായ അർത്ഥം മനസ്സിലാക്കിയാണ് നാലു മരിയൻ വിശ്വാസസത്യങ്ങളും സഭ പ്രഖ്യാപിച്ചിട്ടുള്ളത്.

7-ാം നൂറ്റാണ്ടിൽ പൗരസ്ത്യനാടുകളിൽ അമലോത്ഭവ തിരുനാൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ ചിലസഭാപിതാക്കൻമാർ മറിയത്തിന്റെ അമലോത്ഭത്തെ പാടിപുകഴ്ത്തുന്നതു കാണാം. മരിയൻ ഗായകനായ വി.അപ്രേം ഇങ്ങനെ പാടുന്നു: "എന്റെ കർത്താവെ, നീയും നിന്റെ അമ്മയും മാത്രമാണ് സകലരെയുംകാൾ അധികസൗന്ദര്യമുള്ളവർ. എന്തെന്നാൽ നിന്നിൽ ഒരു കളങ്കവുമില്ല; നിന്റെ അമ്മയിൽ ഒരു മാലിന്യവുമില്ല. ഈ രണ്ടു സൗന്ദര്യധാമങ്ങളിൽ ആരോടാണ് തന്റെ മക്കൾ സദൃശരാകുക" (നിസിബിയൻ 27, 8). മനുഷ്യനായി ജനിക്കുന്ന എല്ലാവരും ആദിമാതാക്കളിൽ നിന്നു പകർന്നു കിട്ടുന്ന ഉത്ഭവപാപത്തോടെയാണ് ജനിക്കുന്നതെങ്കിലും മറിയം അതിൽ നിന്ന് വിമുക്തയായിരുന്നു എന്നാണ് വി.ആഗസ്തിനോസ് പഠിപ്പിച്ചത്. സർവ്വശക്തനായ ദൈവത്തിനു അമലോത്ഭവ എന്ന അനന്യകൃപ മറിയത്തിൽ പൂർത്തികരിക്കാൻ സാധ്യമായിരുന്നു എന്നും, അതു ഉചിതമായിരുന്നതുകൊണ്ട് അതു നിർവ്വഹിച്ചു എന്നുമാണ് കാന്റെബെറിയിലെ വി.എഡ്മർ പഠിപ്പിച്ചത്.

ട്രെന്റ് കൗൺസിൽ ഇതേക്കുറിച്ച് വ്യക്തമായ പഠനം നടത്തുന്നില്ലെങ്കിലും മറിയം പാപരഹിതയായിരുന്നു എന്നു പഠിപ്പിക്കുന്നു. 1571-ലാണു ഡിസംബർ 8-നു 'മറിയം അമലോത്ഭവ' എന്ന തിരുനാളിനെക്കുറിച്ച് ആദ്യമായി ഒരു പരാമർശം കാണുന്നത്. 1830-ൽ Catherine Laboure നു മറിയത്തിന്റെ അമലോത്ഭവത്തെക്കുറിച്ച് ഒരു ദർശനം ഉണ്ടായതായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ ദർശനം അമലോത്ഭവ പ്രഖ്യാപനത്തിന്റെ ഒരു അടിസ്ഥാനമായി 9-ാം പീയുസ് മാർപ്പാപ്പ

അംഗീകരിച്ചു. 1848-ൽ മാർപ്പാപ്പ ലോകത്തിലെ എല്ലാ മെത്രാൻമാർക്കും ഈ വിഷയത്തെക്കുറിച്ച് അഭിപ്രായം ആരാഞ്ഞു എഴുതിയ എഴുത്തിനു കിട്ടിയ മറുപടിയുടെ അടിസ്ഥാനത്തിൽ മറിയം അമലോത്ഭവയാണെന്നു 1854-ൽ വിശ്വാസസത്യമായി പ്രഖ്യാപിച്ചു. 1858-ലെ ലൂർദിലെ ദർശനത്തിൽ മറിയം തന്നെ അതു സ്ഥിരീകരിച്ചു.

മറിയം അമലോത്ഭവയാണെന്ന് സഭ പഠിപ്പിക്കുമ്പോൾ അവൾ ദൈവപുത്രനെപ്പോലെ പരിശുദ്ധാത്മാവിനാൽ ജനിച്ചവളാണെന്നോ ഉത്ഭവ പാപരഹിതയായി ഭൂമിയിൽ ജനിച്ചു എന്നുമല്ല മനസ്സിലാക്കേണ്ടത്. മറിയം സാധാരണ ഒരു മനുഷ്യപൈതലായി ജനിച്ചു. അവൾ ദൈവപുത്രനു ശരീരം നല്കാനിരുന്നവളായിരുന്നതുകൊണ്ടും ദൈവപുത്രൻ അവളിൽ വസിക്കാനിരുന്നവളായിരുന്നതുകൊണ്ടും അന്നയുടെ ഉദരത്തിൽ അവൾ ഉരുവായ നിമിഷത്തിൽ ദൈവം അവളിൽ ആത്മാവു നിക്ഷേപിച്ച നിമിഷം മുതൽ അവൾ പാപരഹിതയായിരുന്നു. "സർവ്വ വിശുദ്ധയും" (Panagia) പാപസ്പർശനം ഏല്ക്കാത്തവളുമായ മറിയം പരിശുദ്ധാത്മാവിനാൽ പ്രത്യേകമായവിധം രൂപപ്പെടുത്തിയ പുതിയ സൃഷ്ടിയാണ് (ജനതകളുടെ പ്രകാശം, 56). ഉത്ഭവത്തിലേ പാപരഹിതയായ മറിയം തന്റെ ജീവിതകാലം മുഴുവൻ വ്യക്തിപരമായ എല്ലാ പാപങ്ങളിൽ നിന്നും വിമുക്തയായിരുന്നു. (മതബോധനഗ്രന്ഥം 493). ഇത്തരത്തിൽ ആദിമാതാപിതാക്കളിൽ നിന്നു പകർന്നുകിട്ടിയ ഉത്ഭവപാപത്തിൽ നിന്നും വ്യക്തിപരമായ പ്രവർത്തനങ്ങളിൽ നിന്നുള്ള കർമപാപത്തിൽ നിന്നും മറിയം വിമുക്തയായിരുന്നു. അങ്ങനെ അവൾ കൃപാവരസമ്പൂർണ്ണയായി.

അമ്മയുടെ ഉദരത്തിൽ ജനിച്ച നിമിഷംമുതൽ മറിയം പാപരഹിതയായിരുന്നു എന്നു പഠിപ്പിക്കുമ്പോൾ അവൾക്ക് രക്ഷ ആവശ്യമില്ലായിരുന്നു എന്നു സഭ പഠിപ്പിക്കുന്നില്ല. മറിയം പാപരഹിതയായത് പുത്രനും ലോകരക്ഷകനുമായ മിശിഹായുടെ രക്ഷാകരപ്രവർത്തനത്തിന്റെ ഫലമായാണ്. സഭ ഇതു വ്യക്തമായി പഠിപ്പിക്കുന്നു: "ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ അതുല്യവിശുദ്ധിയുടെ തേജസിനാൽ പ്രശോഭിതയായ കന്യകാമറിയത്തിന് ആ വിശുദ്ധി മുഴുവൻ സിദ്ധിച്ചതു ക്രിസ്തുവിൽ നിന്നാണ്. സ്വപുത്രന്റെ യോഗത്യകളെ മുൻനിർത്തി കൂടുതൽ ഉന്നതമായ രീതിയിൽ പ്രത്യേകമായി രക്ഷിക്കപ്പെട്ടവളാണവൾ....തന്റെ മുമ്പിൽ സ്നേഹത്തിൽ പരിശുദ്ധയും നിഷ്ക്കളങ്കയുമായിരിക്കാൻ ലോകസ്ഥാപനത്തിനുമുമ്പേ മറിയത്തെ ദൈവം ക്രിസ്തുവിൽ തിരഞ്ഞെടുത്തു" (മതബോധനഗ്രന്ഥം 492). പാപരഹിതരായി ജീവിക്കുവാനും വിശുദ്ധിയുടെ നിറവിൽ പരിശുദ്ധ മറിയത്തോടൊപ്പം ദൈവമഹത്വത്തിൽ പങ്കുകാരാകാൻ മറിയത്തിന്റെ മാദ്ധ്യസ്ഥം യാചിക്കാം.

"ആദിമപാപത്തിൻ കറയേശാത്തവളെ ചാരുമനോഹരി നീ,
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്
സൃഷ്ടാവീശൻ സന്നിധിയിൽ
പാവനരാക്കുക നിൻ സുതരെ
കരുണാപൂർവ്വം കാക്കുക നീ
നിൻ മക്കൾ സ്തുതി പാടുന്നു."
(അമലോത്ഭവതിരുനാൾ റംശാ: ഓനീസാ ദ്ക്കദം)

സീറോമലബാർആരാധനക്രമകമ്മീഷൻ, (റവ. ഡോ.ജോർജ്ജ് കറുകപ്പറമ്പിൽ)
മൗണ്ട് സെന്റ്തോമസ് കാക്കനാട്

5-12-2020